# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2292

09.03.2018-ൽ മറുപടിയ്ക്ക്

### ഭാരത് ഭവൻ സംഘടിപ്പിക്കുന്ന സാംസ്കാരികോൽസവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത് ഭവൻ ഏതെല്ലാം ജില്ലകളിൽ സാംസ്കാരികോൽസവം സംഘടിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ഇതര സംസ്ഥാനങ്ങളിലും ഭാരത് ഭവൻ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. |
| (ബി) പ്രസ്തുത സാംസ്കാരികോൽസവം സംഘടിപ്പിക്കാനുള്ള ഉത്തരവാദിത്തം ആരെയാണ് ഏൽപ്പിച്ചതെന്നും ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) സാധാരണ ഗതിയിൽ ഭാരത് ഭവൻ നേരിട്ടാണ് സാംസ്കാരികോൽസവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കാറുള്ളത്. സർക്കാരിന്റെ സാംസ്കാരിക കേന്ദ്രങ്ങളെയും വിവിധ ജില്ലകളിലെ കലാ-സാംസ്കാരിക പ്രസ്ഥാനങ്ങളെയും സമിതികളെയും സാമൂഹ്യ പ്രവർത്തകരെയും പ്രാദേശിക സംഘാടനത്തിൽ സഹകരിപ്പിക്കാറുണ്ട്.<br>ഭാഷ, സംസ്കാരം, കല എന്നീ ഇടങ്ങളെ മുൻ നിർത്തിയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് അതത് ദേശങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞു നടത്തി വരാറുള്ളത്. |
| (സി) ഓരോ ജില്ലയിലും ഏതെല്ലാം സ്ഥലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) 2017-18-ൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച സാംസ്കാരിക പരിപാടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| (ഡി) | ഓരോ ജില്ലയിലും പരിപാടികൾ സംഘടിപ്പിക്കാൻ എത്ര തുക ചെലവ് വരുമെന്നും ടി ചെലവ് ആരു വഹിക്കുമെന്നും വ്യക്തമാക്കാമോ; | (ഡി) ഓരോ സാംസ്കാരിക പരിപാടികളുടെയും രൂപകൽപ്പനയും സവിശേഷതകൾക്കും അനുസരിച്ചാണ് ചിലവുകൾ ക്രമീകരിക്കുന്നത്. പൊതുവെ ജനകീയ ശൈലിയിൽ ചിലവ് ചുരുക്കിയാണ് ഭാരത് ഭവന്റെ സാംസ്കാരിക പരിപാടികൾ മുന്നോട്ട് നീങ്ങുന്നത്. ഇതു വരെ 10,000/-രൂപ മുതൽ 3 ലക്ഷം രൂപ വരെ വിനിയോഗിക്കുന്ന പരിപാടികൾ<br>ടൂറിസം വകുപ്പ്, വ്യവസായ വകുപ്പ്, പി.ആർ.ഡി, ആർക്കിയോളജി, ആർക്കൈവ്സ്, നോർക്ക തുടങ്ങിയ വകുപ്പുകൾക്ക് വേണ്ടി ഏറെ ശ്രദ്ധേയങ്ങളായ സാംസ്കാരികോത്സവങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഭാരത് ഭവൻ നിർവഹിച്ചിട്ടുണ്ട്. |
| (ഇ) | ഭാരത് ഭവന്റെ പേരിൽ ചില ജില്ലകളിൽ സംഘടിപ്പിക്കുന്ന സാംസ്കാരികോൽസവത്തെപ്പറ്റി എഴുത്തുകാരൻ സി.വി.ബാലകൃഷ്ണൻ പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 മാർച്ച് 3 മുതൽ 6 വരെ തീയതികളിൽ കാസർഗോഡ് സംഘടിപ്പിക്കാനിരുന്ന ബഹുഭാഷാ സർഗ്ഗോത്സവത്തിൽ പങ്കെടുക്കാൻ ശ്രീ.സി.വി.ബാലകൃഷ്ണൻ അസൗകര്യം അറിയിച്ചിരുന്നു. എന്നാൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനു വേണ്ടി ഏപ്രിൽ 7 മുതൽ 10 വരെയുള്ള തീയതികളിലേക്ക് ഈ സർഗ്ഗോത്സവം മാറ്റി വയ്ക്കുകയുണ്ടായി. പ്രസ്തുത സർഗ്ഗോത്സവത്തിൽ ടിയാൻ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2017-18-ൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച സാംസ്കാരികോത്സവങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | ഇന്ത്യൻ വസന്തോത്സവ്, ഇന്ത്യൻ ഗ്രാമോൽസവം, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ, അന്തർദേശീയ കാവ്യോത്സവം, ഗാന്ധിജിയുടെ എഴുപതാം രക്തസാക്ഷിത്വ ആചരണത്തോടനുബന്ധിച്ച് സെനറ്റ് ഹാളിൽ ഒരുക്കിയ സബ്കോസന്മതി മൾട്ടി മീഡിയ ദൃശ്യാവിഷ്കാരം |
| കൊല്ലം | ഇന്ത്യൻ വസന്തോത്സവ്, ഇന്ത്യൻ ഗ്രാമോൽസവം, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| ആലപ്പുഴ | ഇന്ത്യൻ മൺസൂൺ ഫെസ്റ്റ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| പാലക്കാട് | ഇന്ത്യൻ വസന്തോത്സവ്, ഇന്ത്യൻ മൺസൂൺ ഫെസ്റ്റ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ, മലബാർ ക്രാഫ്റ്റ് മേള |
| തൃശ്ശൂർ | ഇന്ത്യൻ മൺസൂൺ ഫെസ്റ്റ് |
| കാസർഗോഡ് | ഇന്ത്യൻ മൺസൂൺ ഫെസ്റ്റ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ, ബാവുൾ സംഗീതാവതരണം |
| മലപ്പുറം | വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| വയനാട് | വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| കണ്ണൂർ | ഇന്ത്യൻ മൺസൂൺ ഫെസ്റ്റ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ, ബാവുൾ സംഗീതാവതരണം |
| ഇടുക്കി | വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| എറണാകുളം | ഇന്ത്യൻ വസന്തോത്സവ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| കോട്ടയം | വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| പത്തനംതിട്ട | ഇന്ത്യൻ വസന്തോത്സവ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |
| കോഴിക്കോട് | ഇന്ത്യൻ മൺസൂൺ ഫെസ്റ്റ്, വിവേകാനന്ദ സ്പർശം, നവോത്ഥാന ദൃശ്യ സന്ധ്യ |